**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 480** — **03-11-2021 - ൽ മറുപടിയ്ക്ക്**

**ജനകീയ ഹോട്ടലുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. വാഴൂർ സോമൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനിതകൾക്ക് തൊഴിൽ സുരക്ഷയും സ്ഥിര വരുമാനവും ഉണ്ടാക്കുന്നതിന് ജനകീയ ഹോട്ടലുകൾ സഹായകരമായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാവർക്കും ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പുമായി ചേർന്ന് ജനകീയ ഹോട്ടൽ പദ്ധതി നടപ്പിലാക്കുകയും ആയതിന്റെ ഭാഗമായി ജനകീയ ഹോട്ടലുകൾ പ്രാദേശിക ആവശ്യകതയ്ക്കും സാധ്യതയ്ക്കും അനുസൃതമായി സംസ്ഥാനത്താകമാനം രൂപീകരിച്ചിട്ടുമുണ്ട്. സൂക്ഷ്മസംരംഭ മാതൃകയിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലുകൾ മുഖേന സംസ്ഥാനമൊട്ടാകെ പ്രതിദിനം ശരാശരി 1,60,000 ഉച്ചയൂണ് വിതരണം ചെയ്യുന്നുണ്ട്. ഇതിലൂടെ നിലവിൽ 4,885 കുടുംബശ്രീ വനിതകൾക്ക് ഉപജീവനോപാധി ലഭിക്കുന്നുണ്ട്. |
| (ബി) | കുടുംബശ്രീ മുഖാന്തരം നടപ്പിലാക്കിയ ജനകീയ ഹോട്ടലുകളുടെ ഗ്രേഡിംഗ് പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി ജനകീയ ഹോട്ടലുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും അവയെ അടുത്ത തലത്തിലേയ്ക്ക് ഉയർത്തി കൊണ്ടുവരുന്നതിനും ഗ്രേഡിംഗ് പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി കുടുംബശ്രീ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് ടെക്നോളജി എന്ന സ്ഥാപനവുമായി സഹകരിച്ച് ഗ്രേഡിംഗ് ടൂൾ രൂപീകരിക്കുകയും ആയതനുസരിച്ച് ജനകീയ ഹോട്ടലുകളെ പ്രത്യേകം നിർണ്ണയിക്കപ്പെട്ട സൂചികകളുടെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | ശുചിത്വം, വിഭവങ്ങളുടെ വൈവിധ്യം, ഭക്ഷണത്തിന്റെ ഗുണമേന്മ എന്നീ ഘടകങ്ങൾ ഗ്രേഡിംഗിന് പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. ജനകീയ ഹോട്ടലുകളുടെ ഗ്രേഡിംഗിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് ടെക്നോളജി എന്ന സ്ഥാപനവുമായി സഹകരിച്ച് |

| | | | |
|---|---|---|---|
| | | | ശുചിത്വം, വിഭവങ്ങളുടെ വൈവിധ്യം, ഭക്ഷണത്തിന്റെ ഗുണമേന്മ, പ്രവർത്തന സമയം, പ്രതിമാസ വിറ്റുവരവ്, വിപണനം, സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെയും ചുറ്റുപാടുകളുടെയും അവസ്ഥ എന്നിവയുടെ അടിസ്ഥാനത്തിൽ ജനകീയ ഹോട്ടലുകളെ എ+, എ, ബി, സി എന്നീ വിഭാഗങ്ങളിലായി നിലവാര റേറ്റിംഗ് ചെയ്തിട്ടുണ്ട്. |
| (ഡി) | ഉയർന്ന ഗ്രേഡിംഗ് ലഭിക്കാത്ത സംരംഭകർക്ക് ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായം അടക്കമുള്ള പിന്തുണയും നൽകി ഗ്രേഡിംഗ് ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉണ്ട്. ഉന്നത ഗ്രേഡ് ലഭിക്കാത്ത ബി, സി വിഭാഗത്തിൽ ഗ്രേഡ് ലഭിച്ച ജനകീയ ഹോട്ടലുകൾക്കായി കാര്യശേഷി വികസന പരിശീലനവും, അക്കൗണ്ടിംഗ്, ബുക്ക് കീപ്പിംഗ് പരിശീലനവും നൽകുന്നതിനും സാമ്പത്തിക സഹായം ആവശ്യമുള്ള യൂണിറ്റുകൾക്ക് കുടുംബശ്രീ സംരംഭങ്ങളുടെ സാമ്പത്തിക സഹായ പദ്ധതി പ്രകാരമുള്ള ധനസഹായവും മാനദണ്ഡങ്ങൾക്കനുസൃതമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ടി യൂണിറ്റുകളുടെ വിപണനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങളും നൽകി വരുന്നുണ്ട്. |
| (ഇ) | ജനകീയ ഹോട്ടലുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് വിപുലീകരിക്കുന്നതിനും ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. നിലവിലുള്ള ജനകീയ ഹോട്ടലുകളുടെ ഗ്രേഡിംഗ് പൂർത്തിയാക്കിയ സാഹചര്യത്തിൽ പിന്നോക്കം നിൽക്കുന്ന യൂണിറ്റുകൾക്ക് അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിനുമായി യൂണിറ്റ് കേന്ദ്രീകരിച്ച് പ്രത്യേകം പരിശീലനം നൽകുന്നതിനും യൂണിറ്റിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ധനസഹായം ആവശ്യമുള്ള സാഹചര്യത്തിൽ ആയത് സൂക്ഷ്മസംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയുടെ മാനദണ്ഡപ്രകാരം നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ പ്രാദേശികമായ ആവശ്യകതയ്ക്കും സാധ്യതയ്ക്കും അനുസരിച്ച് കൂടുതൽ ജനകീയ ഹോട്ടലുകൾ രൂപീകരിച്ച് വരുന്നുണ്ട്. ഇപ്രകാരം നിലവിൽ 1,131 ജനകീയ ഹോട്ടലുകൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ